**എല്ലാ വ്യാഴാഴ്ചയും രാവിലെ 10.30 നും ഉച്ചകഴിഞ്ഞ് 4.30 നും വി. സെബസ്ത്യാനോസിന്റെ നൊവേനയും ലദീഞ്ഞയും ദിവ്യബലിയും**

**എല്ലാ ദിവസവും ദിവ്യബലി :**
**രാവിലെ 5.30, 7.00 വൈകു. 5.30**

**ഞായറാഴ്ച ദിവ്യബലി :**
**രാവിലെ 5.30, 7.00, 9.00, 11.00 വൈകു. 5.00**

**എല്ലാ വർഷവും ജനുവരി 10 ന് തിരുനാൾ ആരംഭിച്ച് 27 ന് സമാപിക്കുന്നു.**

**പ്രാർത്ഥനാ സഹായങ്ങൾക്കും നേർച്ച കാഴ്ചകൾക്കും**

Rector & Parish Priest
St. Andrew's Basilica
Arthunkal P.O., Cherthala, Pin : 688 530
Alappuzha, Kerala, S. INDIA
Ph: 0478-2573560, 2572374, 9400152374
E-mail: arthunkalbasilica2010@gmail.com
Web: www.arthunkalbasilica.com

**റൂട്ട് : ചേർത്തല നിന്ന് 7 കി.മീ. ആലപ്പുഴ നിന്ന് 22 കി. മീ**



# രക്തസാക്ഷിയായ
# വിശുദ്ധ സെബസ്ത്യാനോസിന്റെ

# നിത്യനവനാൾ

Rights Reserved

Published by:
**Fr. Christopher M. Arthasseril**
Rector & Vicar

Imprimatur
Rt. Rev. Dr. Stephen Athipozhiyil
(Bishop of Alleppey)

Ist Edition 1987
2nd Edition in 2000
3rd Edition in 2009
4th Revised Edition in 2011
5th Revised Edition in 2015
6th Revised Edition in 2018

Arthunkal,
Jan 2018

അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദൈവാലയം ബസിലിക്കയായി ഉയർത്തപ്പെട്ടതോടുകൂടി ഈ ദൈവാലയത്തിൽ നടത്തിവരുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ നൊവേന കാലോചിതമായി നവീകരിച്ചു പുനഃപ്രസിദ്ധീകരിക്കുന്നു. ഈ നൊവേന തയ്യാറാക്കിയ സ്റ്റാൻലി പുളിമൂട്ടുപറമ്പിൽ അച്ചനും, ഗാനങ്ങൾക്ക് ഈണം നൽകിയ ആർ. എസ്. മോഹനും, ഡിക്സൺ പി. എം. നും ഗാനങ്ങൾ ആലപിച്ച സണ്ണി റ്റി. വി. യ്ക്കും നന്ദി അർപ്പിച്ചുകൊള്ളുന്നു.

എന്ന്

**ഫാ. ക്രിസ്റ്റഫർ എം. അർത്ഥശ്ശേരിൽ**
റെക്ടർ & വികാർ

## വി. സെബസ്ത്യാനോസിന്റെ
## നിത്യനവനാൾ

പുരോഹിതൻ : പിതാവിന്റേയും പുത്രന്റേയും....
ജനങ്ങൾ : ആമേൻ

*(എല്ലാവരും എഴുന്നേറ്റു നിൽക്കുന്നു)*

### പ്രാരംഭ ഗാനം

ആകുല മാനസരായ്
അണയും നിൻമക്കൾ ഞങ്ങൾക്ക്
ശാന്തിയരുളേണമേ
വിശുദ്ധ സെബസ്ത്യാനോസേ.....
ആകുല.....
ക്രിസ്തുവാം രക്ഷകൻ തൻ സ്നേഹഭാജനമേ
നിൻ തൃപ്പാദം ഞങ്ങൾ
വന്ദിച്ചു പൂജിക്കുന്നു
ആകുല......
സത്യവിശ്വാസത്തിനായ് രക്തം
ചൊരിഞ്ഞവനേ
നൽവരം നൽകിടേണേ
ധീരനാം പുണ്യാത്മാവേ
ആകുല......

*(എല്ലാവരും മുട്ടുകുത്തുന്നു.)*

## പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ/ആശ്രയമായ/വിശുദ്ധ സെബസ്ത്യാനോസെ/ജീവിത ക്ലേശങ്ങളും/ഭാരങ്ങളുമായി/സജീവ വിശ്വാസത്തോടെ/ഓടിയണഞ്ഞിരിക്കുന്ന/ഞങ്ങളെ/അങ്ങയുടെ/കരങ്ങളാൽ/ആശ്വസിപ്പിക്കണമേ./അങ്ങയെ അനുകരിച്ച്/ഞങ്ങളുടെ സഹോദരങ്ങളിൽ/ക്രിസ്തുവിനെ കണ്ടെത്തുവാനുള്ള/ആത്മീയ ചൈതന്യം/ഞങ്ങൾക്കരുളണമെന്ന്/എളിമയോടെ/പ്രാർത്ഥിക്കുന്നു.

വിശുദ്ധിയെന്ന പുണ്യത്തെ/അളവറ്റു സ്നേഹിച്ച്/ ആജീവനാന്തം/ ശുദ്ധത പാലിച്ചിരുന്ന/വിശുദ്ധ സെബസ്ത്യാനോസെ/ നിർമ്മലമായ ജീവിതം/ കാഴ്ചവെയ്ക്കുവാനും/പ്രലോഭനസാഹചര്യങ്ങളെ/ വിട്ടകന്നുജീവിക്കുവാനും/ഞങ്ങളെ പ്രാപ്തരാക്കണമേ/ ഞങ്ങളുടെ കുടുംബങ്ങൾ/ വിശുദ്ധിയുടെ/ പര്യായങ്ങളായി പരിലസിക്കുവാൻ/ തുണയായിരിക്കുകയും/ ചെയ്യണമെ.

ക്രിസ്തുവിന്റെ/ മൗതിക ശരീരമായ/ തിരുസഭയെ/ അത്യന്തം സ്നേഹിക്കുകയും/ സകല കഴിവുകളും/ സഭയുടെ സേവനത്തിനായി / അർപ്പിക്കുകയും ചെയ്ത / വി. സെബസ്ത്യാനോസെ/ അങ്ങയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥത്താൽ / ദൈവ



ജനത്തെ കാത്തുപാലിക്കണമേ./ അമ്പുകളേറ്റ് / പ്രാണവേദന അനുഭവിച്ച വേളയിലും / സത്യവിശ്വാസം ഏറ്റുപറഞ്ഞ് / രക്തസാക്ഷിത്വം വരിച്ച മഹാധീരനായ / വി. സെബസ്ത്യാനോസെ, / ഞങ്ങളും / സഭയ്ക്കുവേണ്ടി ജീവിക്കുകയും / മരിക്കുകയും ചെയ്തുകൊള്ളാമെന്ന് / ഒരിക്കൽ കൂടി / വാഗ്ദാനം ചെയ്യുന്നു./ സഭയ്ക്കെതിരായി നീങ്ങുന്ന/ ശക്തികളെ സുധീരം നേരിടുവാനുള്ള ആത്മീയ ധൈര്യം / ഞങ്ങളിൽ / വർദ്ധിപ്പിക്കണമെ / ഞങ്ങൾ അങ്ങയുടെ മാതൃകയെ അനുകരിച്ച് / ദൈവസ്നേഹത്തിലും / പരസ്പര സ്നേഹത്തിലും / വർത്തിക്കുവാനും / കടമകളെ വിശ്വസ്ഥതാപൂർവ്വം / നിർവ്വഹിച്ച് / നല്ലമരണം വരിച്ച് / സ്വർഗ്ഗരാജ്യം പ്രാപിക്കുവാനുമുള്ള / അനുഗ്രഹം / തന്നരുളുകയും ചെയ്യണമേ, /

ആമേൻ.

## കൃതജ്ഞതാ കത്ത്

*(കൃതജ്ഞതാ കത്തുകൾ പുരോഹിതൻ ജനങ്ങളെ അറിയിക്കുന്നു. ഓരോ കത്തും വായിച്ചുകഴിയുമ്പോൾ ഗായകസംഘം കൃതജ്ഞതാഗീതം ആലപിക്കുന്നു.)*

ഉദാ: നന്ദിയേകിടാം നന്ദിയേകിടാം
നല്ലവനാം ദൈവത്തിന് നന്ദിയേകിടാം



അഥവാ

ഉദാ: നന്ദിനിറഞ്ഞു പാടാം പാടാം
ഉള്ളുതുറന്നു പാടാം
താതനും പുത്രനും പാവനാന്മാവിനും
സ്തോത്രം പറഞ്ഞുപാടാം

അഥവാ

## കൃതജ്ഞത പ്രാർത്ഥനകൾ

1. ഞങ്ങളെ അനന്തമായി സ്നേഹിച്ചുകൊണ്ട് മാനുഷിക ജീവൻ തന്ന് അനുഗ്രഹിക്കുകയും അനാദി മുതൽ യേശുവിൽ തിരഞ്ഞെടുത്ത് ദൈവമക്കളാക്കിയതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

2. ചിന്തിക്കുന്നതിനു ബുദ്ധിയും സ്നേഹിക്കുന്നതിന് ഹൃദയവും തന്ന്, അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച് വളർന്നുവരുന്നതനുസരിച്ച് നല്ലൊരു വിദ്യാഭ്യാസം ലഭിക്കാനുള്ള നല്ല സാഹചര്യം ഒരുക്കി പരിപാലിച്ചുകൊണ്ടിരിക്കുന്നതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

3. രഹസ്യവും പരസ്യവുമായ പാപങ്ങൾ ചെയ്തു ഹൃദയസമാധാനം നഷ്ടപ്പെടുത്തിയപ്പോൾ ഞങ്ങളോടു ക്ഷമിച്ചും സ്നേഹം പ്രകടി



പ്പിച്ചും ഞങ്ങളെ അനുഗ്രഹിച്ചതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

4. അത്യാഹിതങ്ങളിൽ നിന്നും പെടുമരണത്തിൽനിന്നും അത്ഭുതകരമാം വിധം രക്ഷപ്പെടുത്തിയതിനും, ശാരീരികാരോഗ്യവും മാനസിക സൗഖ്യവും നൽകി അനുഗ്രഹിച്ചതിനും വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

5. നല്ല മാതാപിതാക്കളെയും, ഗുരുജനങ്ങളെയും, നല്ല കൂട്ടുകാരെയും ഉപകാരികളെയും തന്ന് അനുഗ്രഹിച്ചതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്കു ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

6. ഞങ്ങൾ സ്വീകരിച്ച ജീവിതാന്തസ്സിൽ നാളിതുവരെ നിലനിൽക്കുവാൻ കഴിഞ്ഞതിനും, സ്നേഹത്തിലും ഐക്യത്തിലും വസിക്കുവാൻ സാധിച്ചതിനും, കുടുംബപ്രശ്നങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യുവാൻ സാധിച്ചതിനും വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

7. അനുദിന ജീവിതത്തിലെ പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും സന്തോഷപൂർവ്വം സ്വീകരിക്കാൻ കഴിഞ്ഞതിനും, നമ്മോടു പകവെച്ചു പുലർത്തിയ

വ്യക്തികളോടും സമൂഹത്തോടും ക്ഷമകാണിക്കാൻ കഴിഞ്ഞതിനും വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

8. വിദ്യാഭ്യാസത്തിനും, ചികിത്സയ്ക്കും, വിനോദത്തിനും വിശ്രമത്തിനും മറ്റും ആവശ്യമായ സൗകര്യങ്ങൾ ക്രമീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കുന്നതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

9. സഭയ്ക്കു നേരിടേണ്ടിവരുന്ന എല്ലാവിധ എതിർപ്പുകളെയും, വിമർശനങ്ങളെയും, മർദ്ദനങ്ങളെയും സമചിത്തതയോടെ നേരിടാൻ ശക്തി നൽകി അനുഗ്രഹിക്കുന്നതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

10. ദൈവമേ അതിവൃഷ്ടിയിൽ നിന്നും, കീടബാധയിൽ നിന്നും, ഭൂചലനത്തിൽ നിന്നും, കൊടുങ്കാറ്റിൽ നിന്നും, പകർച്ചവ്യാധിയിൽ നിന്നും ഞങ്ങളെ സുരക്ഷിതമായി കാത്തുപരിപാലിച്ച് അനുഗ്രഹിക്കുന്നതിന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥതയിൽ നമുക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും മൗനമായി നന്ദി അർപ്പിക്കാം.



## നവനാൾ ജപം

*(എല്ലാവരും മുട്ടിൻമേൽ നിൽക്കുന്നു)*

ജീവിത മാതൃകയാൽ/ ലോകത്തെ പ്രാഭപൂരിതമാക്കുവാൻ/ ക്ലേശങ്ങൾ സഹിച്ച / വി. സെബസ്ത്യാനോസേ, / എളിമയുടെയും / വിനയത്തിന്റെയും / സ്നേഹത്തിന്റെയും / സേവനത്തിന്റെയും/ അനുസരണയുടെയും / ഉത്തമമാതൃക/ അങ്ങ് ഞങ്ങൾക്കു / കാണിച്ചു തന്നുവല്ലോ/ ഞങ്ങളേയും/ ഞങ്ങളുടെ ജീവിതത്തിലെ/ സുഖദുഃഖങ്ങളേയും/ അങ്ങേയ്ക്കു ഞങ്ങൾ/ കാഴ്ചവയ്ക്കുന്നു./ അന്ധകാരാവൃതമായ/ ജീവിതയാത്രയിൽ/ ഞങ്ങളുടെ കെടാവിളക്കായിരിക്കേണമെ/ വിശ്വാസത്തോടും ദുഃഖഭാരത്തോടും കൂടി/ അങ്ങയോടു ഞങ്ങൾ/ പ്രാർത്ഥിക്കുന്നു./ ബുദ്ധിമുട്ടുകളിലും/ പ്രയാസങ്ങളിലും/ മനോവേദനകളിലും/ രോഗങ്ങളിലും/നൈരാശ്യത്തിലും/ നീ ഞങ്ങൾക്ക്/ രക്ഷാസങ്കേതമായിരിക്കണമേ/ പരസ്പരം ക്ഷമിക്കുവാനും/ ജീവിതക്ലേശങ്ങൾ/ സന്തോഷപൂർവ്വം/ സ്വീകരിക്കുവാനും/ ഞങ്ങളെ/ പഠിപ്പിക്കണമേ./ ഞങ്ങൾ നിർമ്മല മാനസരായ്/ ജീവിക്കുവാനും/ ആശ്വാസത്തിന്റെയും/ നന്മയുടേയും/ കിരണങ്ങൾ/ മറ്റുള്ളവർക്ക്/ പകർന്നു കൊടുക്കുന്നവരായി/ പരിണമിക്കുവാനും/ കൃപയരുളണമേ/ ഞങ്ങളെ അങ്ങു സംരക്ഷിക്കുകയും/ നേർവഴിയിലൂടെ/ നടത്തുകയും/ എല്ലാവിധ / വിപത്തുകളിൽ നിന്ന്/ കാത്ത് രക്ഷിക്കുകയും/ ചെയ്യണമേ./ അപേക്ഷിക്കുന്നവരെ കൈവിടാത്ത/ മഹാ അത്ഭുതപ്രവർത്തകനായ/ വി. സെബസ്ത്യനോസ്സെ,/ ഈ നൊവേനയിൽ പങ്കുകൊണ്ട്/ ഞങ്ങൾ അഭ്യർത്ഥിക്കുന്ന/ പ്രത്യേക ആവശ്യം/ (നിശബ്ദമായി പ്രത്യേക ആവശ്യം വി. സെബസ്ത്യാനോസിനെ അറിയിക്കുക) ഞങ്ങളുടെ കർത്താവായ/ ഈശോമിശിഹായുടെ/ സഹായത്താൽ/ സാധിച്ചുതരണമെന്ന്/ അങ്ങയോടു ഞങ്ങൾ/ അപേക്ഷിക്കുന്നു./



ആമ്മേൻ

1.സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*(എല്ലാവരും എഴുന്നേറ്റു നിൽക്കുന്നു)*

## അപേക്ഷകത്ത്

*(പ്രാർത്ഥനാ സഹായം തേടിയിട്ടുള്ളവരുടെ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് പുരോഹിതൻ പ്രാർത്ഥിക്കുന്നു. അഥവാ താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ ചൊല്ലുന്നു.*

*ഓരോ പ്രാർത്ഥനയ്ക്കുശേഷവും ഗാനത്തിന്റെ ഈരടി ആലപിക്കുന്നു.)*

ഗാനം : അർത്തങ്കൽ വാഴും വെളുത്തച്ചാ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ



പ്രിയ സഹോദരീ സഹോദരന്മാരെ, ക്രൈസ്തവ ജീവിതത്തിന് ഉത്തമ മാതൃക നൽകി ജീവൻ പരിത്യജിച്ച വേദസാക്ഷിയായ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥസഹായം അപേക്ഷിച്ച് നമുക്ക് പ്രാർത്ഥിക്കാം.

1. തിരുസഭയുടെ വളർച്ചയ്ക്കുവേണ്ടി ഉന്നത സ്ഥാനം ഉപേക്ഷിച്ച് ധീരമായി സേവനം ചെയ്ത വി. സെബസ്ത്യാനോസെ, അങ്ങേ സ്വർഗ്ഗീയ മദ്ധ്യസ്ഥത്താൽ ദൈവജനത്തിന് സമാധാനവും സംരക്ഷണവും നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ : വിശുദ്ധ സെബസ്ത്യാനോസെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.*

2. ലൗകികമോഹങ്ങൾ പരിത്യജിച്ച് ആജീവനാന്തം നിർമ്മല ജീവിതം കാഴ്ചവെച്ച വി. സെബസ്ത്യാനോസെ, ഞങ്ങളുടെ ജീവിതാവസ്ഥയെ മനസ്സിലാക്കി അവയ്ക്കനുയോജ്യമായ സുകൃത ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ : വിശുദ്ധ സെബസ്ത്യാനോസെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.*

3. വിശ്വാസ സംരക്ഷണത്തിനായി വളരെയേറെ പീഡനങ്ങളേറ്റ് രക്തസാക്ഷിയായിത്തീർന്ന മഹാധീരനായ വി. സെബസ്ത്യാനോസെ, അങ്ങയുടെ

മാതൃകയെ അനുകരിച്ച് വിശ്വാസത്തിനുവേണ്ടി ക്ലേശങ്ങളും ത്യാഗങ്ങളും സഹിക്കുവാനുള്ള വരമരുളണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ : വിശുദ്ധ സെബസ്ത്യാനോസെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.*

4. പകർച്ചവ്യാധിയിൽ നിന്ന് അത്ഭുതകരമായി ആയിരങ്ങളെ രക്ഷിച്ച വി. സെബസ്ത്യാനോസെ, അങ്ങയുടെ പ്രത്യേക മദ്ധ്യസ്ഥശക്തിയാൽ എല്ലാവിധ ശാരീരിക രോഗങ്ങളിൽനിന്നും മാനസിക ക്ലേശങ്ങളിൽ നിന്നും കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ : വിശുദ്ധ സെബസ്ത്യാനോസെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.*

5. ഉണർവുള്ള വിശ്വാസത്തോടെ അവിടുത്തെ നൊവേനയിൽ സംബന്ധിക്കുവാൻ ഇവിടെ കൂടിയിരിക്കുന്ന ഞങ്ങൾ ഏതെല്ലാം ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നുവോ, അവയ്ക്കെല്ലാം മാർഗ്ഗനിർദ്ദേശവും സഹായവുമരുളണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ : വിശുദ്ധ സെബസ്ത്യാനോസെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.*

6. സത്യത്തിലും നീതിയിലും ധർമ്മത്തിലും അധിഷ്ഠിതമായ ഭരണം നടത്തുവാൻ എല്ലാ രാഷ്ട്രീയാധികാരികളെയും ഭരണകർത്താക്ക



ളെയും അനുഗ്രഹിക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

7. ആഹാരം, വസ്ത്രം, ഭവനം ഇവ ഇല്ലാതെ വേദനിക്കുന്നവരേയും, ജോലിയില്ലാതെ വലയുന്നവരെയും രക്ഷിക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

8. മദ്യത്തിലും മറ്റു ലഹരിപാനീയങ്ങളിലും മുഴുകി കുടുംബത്തിനും നാടിനും തന്നെ ശാപമായിത്തീർന്നിരിക്കുന്ന മക്കളെ സമ്പൂർണ്ണ വിടുതൽ നൽകി അനുഗ്രഹിക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

9. എല്ലാ വിദ്യാർത്ഥികൾക്കും സന്മാർഗ്ഗത്തിൽ ചരിക്കുവാനും, നന്നായി പഠിക്കുവാനും വേണ്ട കൃപകൊടുക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

10. പ്രായമായിട്ടും വിവാഹം നടക്കാതെ നീറുപുകയുന്ന മനസ്സുമായി കഴിയുന്ന എല്ലാവരുടെയും വിവാഹതടസ്സം മാറി അനുയോജ്യരായ പങ്കാളികളെ കൊടുക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.



11. നല്ല കാലാവസ്ഥയും സമൃദ്ധമായ മത്സ്യവിളയും കാർഷികവിളയും നൽകി ഞങ്ങളുടെ നാടിനെ ഐശ്വര്യ സമ്പൂർണ്ണമാക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

12. അങ്ങേ മഹത്വത്തിനായുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളിൽ സാമ്പത്തികവും ധാർമ്മികവുമായ സഹായങ്ങൾ നൽകി ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഉപകാരികളെ സമൃദ്ധമായി അനുഗ്രഹിക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

13. ഞങ്ങളുടെ ഇടവകയിലുള്ള രോഗികൾ, ആസന്നമരണർ എന്നിവരെ കാത്തുപരിപാലിക്കണമെന്നും, പാപവഴികളിലും അപകട സാഹചര്യങ്ങളിലും ചരിക്കുന്നവരെ നേരായ മാർഗ്ഗങ്ങളിലേയ്ക്കു നയിക്കണമെന്നും വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

14. ആദർശങ്ങളിൽ ഉറച്ചു നിൽക്കുവാനും, ലക്ഷ്യബോധത്തോടെ വ്യാപാരിക്കുവാനും ആവശ്യമായ അനുഗ്രഹം നൽകി യുവജനങ്ങളെ സംരക്ഷിക്കണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥംവഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.



15. ദൈവകല്പനകളും സഭയുടെ ഉൽബോധനങ്ങളും കൂടുതൽ തീക്ഷണതയോടെ പാലിക്കുന്നതിനും, ജീവിതാന്ത്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് സ്വർഗ്ഗോന്മുഖമായ ക്രീസ്തീയ ജീവിതം നയിക്കുന്നതിനുമുള്ള അനുഗ്രഹം പ്രദാനം ചെയ്യണമെന്ന് വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വഴി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ മൗനമായി വി. സെബസ്ത്യാനോസ് വഴിയായി ദൈവസന്നിധിയിൽ സമർപ്പിക്കാം.

## നമുക്ക് പ്രാർത്ഥിക്കാം

വിശ്രുത രക്തസാക്ഷിയും, ദൈവജനത്തിന്റെ സംരക്ഷകനും മാറാരോഗങ്ങളെ നീക്കിക്കളയുന്നവനുമായ വി. സെബസ്ത്യാനോസെ, അങ്ങയുടെ കരുണയിൽ അഭയം തേടിവന്നിരിക്കുന്ന ദാസീദാസന്മാരിൽ കനിയണമേ. ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളേയും ഞങ്ങളുടെ നാടിനേയും എല്ലാവിധ ആപത്തുകളിൽ നിന്നും രക്ഷിക്കണമേ. അങ്ങയുടെ മദ്ധ്യസ്ഥത്താൽ ഞങ്ങൾക്ക് ഉറപ്പുള്ള വിശ്വാസവും, ക്ലേശങ്ങളിൽ സഹനശക്തിയും പ്രാപിച്ചുതരണമേ, എല്ലായ്പ്പോഴും ഞങ്ങളുടെ സഹായത്തിനെത്തുകയും ചെയ്യണമേ.

ആമേൻ

## ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ, അനുഗ്രഹിക്കണമേ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
സ്വർഗ്ഗസ്ഥനായ ദൈവപിതാവേ
ലോകരക്ഷകനായ ദൈവപുത്രാ,
പരിശുദ്ധാരൂപിയായ ദൈവമേ,
ത്രിത്വൈക ദൈവമേ
വേദസാക്ഷികളുടെ രാജ്ഞിയായ
പരിശുദ്ധ മാതാവേ,

വി. സെബസ്ത്യാനോസെ..,

നന്മകളുടെ വിളനിലമായ വി. സെബ...,

വേദഞെരുക്കങ്ങളിൽ പീഡയനുഭവിക്കുന്നവരെ ധൈര്യപ്പെടുത്തിയ വി. സെ..,

ജ്ഞാനത്താൽ പ്രകാശിച്ച വി. സെ..,

യേശുവിന്റെ സ്നേഹഭാജനമായ വി. സെ..,

റോമാ ചക്രവർത്തിയുടെ പടനായകനായിരുന്നിട്ടും ദൈവസേവനത്തിൽ വിശ്വസ്തനായിരുന്ന വി. സെ...,

ഞങ്ങളുടെ സങ്കേതവും ആശ്രയവുമായ വി. സെ...,

തന്റെ ജനനത്താൽ നർബോനാ നഗരിയെ വിശ്രുതമാക്കിയ വി. സെ...,

തിരുസഭയ്ക്ക് സഹായമായിരുന്ന വി. സെ...,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



സുവിശേഷവെളിച്ചത്തെ പ്രസംഗിച്ചുതെളിച്ച വി. സെ...,

അടർക്കളത്തിലെന്ന പോലെ അദ്ധ്യാത്മിക സമരത്തിലും അതിശക്തനായ വി. സെ...,

വിശ്വാസത്തിൽ സ്ഥിരതയുള്ളവനായിരുന്ന വി.സെ...,

വേദസാക്ഷി മകുടം ചൂടിയ വി. സെ...,

ദൈവത്തിനും മനുഷ്യർക്കും ഏറ്റവും പ്രിയങ്കരനായ വി. സെ...,

മാരകരോഗങ്ങളിൽ നിന്ന് ഭക്തരെ സംരക്ഷിക്കുന്ന വി. സെ...,

രോഗികൾക്കാശ്വാസം കൊടുത്ത വി. സെ.,

നിരവധി അസ്ത്രങ്ങളാൽ വ്രണപ്പെട്ട വി. സെ..,

അസാമാന്യ ധൈര്യത്തോടെ രാജാവിനെ കുറ്റപ്പെടുത്തിയ വി. സെ...,

ക്രൂരമായ അടികളേറ്റ് മരണം കൈവരിച്ച വി.സെ...,

ദൈവസ്നേഹത്തെ പ്രതി ജീവാർപ്പണം ചെയ്ത വി. സെ...,

അജ്ഞാനയിരുളിൽ ജ്ഞാനവെളിച്ചമായി പ്രകാശിച്ച വി. സെ...,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



മനം നുറുങ്ങിയവർക്കു സാന്ത്വനമായി ഭവിച്ച വി. സെ..,

ലൗകീകാസക്തികളെ അതിജീവിച്ച വി.സെ..,

സഹനത്തിലൂടെ സ്നേഹസാക്ഷിയായി ഭവിച്ച വി. സെ..,

അത്ഭുത പ്രവർത്തിയാൽ ഈശ്വരകൃപയെസാക്ഷ്യപ്പെടുത്തിയ വി.സെ..,

ദാരിദ്രർക്ക് കരുണാർദ്രസ്നേഹിതനായ വി.സെ..,

സ്വധർമ്മത്തിൽ വിശ്വസ്തത പാലിച്ച വി.സെ..,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ലോക പാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെ

*കർത്താവേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ*

ലോക പാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെ

*കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ*

ലോക പാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെ

*കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.*



## വിശുദ്ധ സെബസ്ത്യാനോസിന്റെ പ്രാർത്ഥനാമാല (ഗാനരൂപം)

കർത്താവേ കനിയണമേ
മിശിഹായെ കനിയണമേ
കർത്താവേ ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ
സ്വർഗ്ഗപിതാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
നരരക്ഷകനാം മിശിഹായേ
ദിവ്യാനുഗ്രഹമേകണമേ
ദൈവാത്മാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
പരിപാവനമാം ത്രിത്വമേ
ദിവ്യാനുഗ്രഹമേകണമേ

1. രക്തം ചിന്തി മരിപ്പോർതൻ
രാജ്ഞീ വത്സലമാതാവേ
ആശ്രയം തേടി വരുന്നിവർക്കായ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

2. വിശുദ്ധനാം സെബസ്ത്യാനോസെ
നന്മകളാൽ പരിപൂരിതനേ
ധീരനാം സൈന്യാധിപനേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

3. പീഡിതരാം ക്രിസ്ത്യാനികളെ
നേടിടുവാൻ ഭടനായവനേ
യേശുവിൻ വത്സല ഭാജനമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

4. റോമാപുരിയിൽ വസിച്ചവനേ
ഭക്തജനത്തിൻ ആദരവേ
സകലജനത്തിനുമാശ്രയമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

5. നിന്നുടെ പിറവിയാൽ നർബോനായെ
വിശ്രുതമാക്കിയ ഉന്നതനേ
ദൈവജനത്തിൻ സഹായകനേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

6. വിശ്വാസത്തിൻ പൊൻപ്രഭയെ
വിശ്വത്തിലെങ്ങും തെളിച്ചവനേ
ശക്തനാം ആത്മീയ ഗുരോ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

7. വേദസാക്ഷിയാം പുണ്യാത്മാ
വിശ്വസ്ഥനായൊരു സേവകനേ
സ്നേഹം കൊണ്ടു ജ്വലിച്ചവനേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

8. പകർച്ചവ്യാധിതൻ രക്ഷകനേ
രോഗശാന്തി യേകുവനേ



ആത്മവസന്തയകറ്റീടുവാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

9. അമ്പുകളേറ്റു പിടഞ്ഞവനേ
ക്രൂരമാമടികൾ ഏറ്റവനേ
പ്രാണത്യാഗം ചെയ്തവനേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

10. നിരവധിയാം അപരാധികളെ
നേർവഴി തന്നിൽ നയിച്ചവനെ
സാത്താനെതിരെ ആയുധമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

11. അന്ധകാരത്തിൻ ശക്തികളെ
വിജയിച്ചുവന്നൊരു ധീരാത്മാ
നിർമ്മല ജീവിത മാതൃകയേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

12. അത്ഭുതവരങ്ങളാൽ നിറപ്പവനെ
അതിവത്സലനാം താതൻ നീ
നിത്യവും നിന്നെ വണങ്ങീടാം
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

13. പാവങ്ങളുടെ പിതാവാകും
പാപ്പായ്ക്കുത്തമ സ്നേഹിതനെ
പാപികൾ ഞങ്ങൾ യാചിപ്പൂ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്



14. ലോകത്തിൻ പാപങ്ങൾ നീക്കും
ദൈവത്തിൻ മേഷമേ നാഥാ
പാപം പൊറുക്കേണമേ നാഥാ
പാപം പൊറുക്കേണമേ

15. ലോകത്തിൻ പാപങ്ങൾ നീക്കും
ദൈവത്തിൻ മേഷമേ നാഥാ
പ്രാർത്ഥന കേൾക്കേണമേ - നാഥാ
പ്രാർത്ഥന കേൾക്കേണമേ

16. ലോകത്തിൻ പാപങ്ങൾ നീക്കും
ദൈവത്തിൻ മേഷമേ നാഥാ
ഞങ്ങളിൽ കനിയേണമേ

പുരോ: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക്
ഞങ്ങൾ യോഗ്യരാകുവാൻ

ജന: വി. സെബസ്ത്യാനോസെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

## നമുക്കു പ്രാർത്ഥിക്കാം

രക്തസാക്ഷിയായ വി. സെബസ്ത്യാനോസിന് ധീരത നൽകിയ ദൈവമേ, വിശുദ്ധന്റെ സഹായമപേക്ഷിക്കുന്ന അങ്ങേ മക്കളുടെ പ്രാർത്ഥന സ്വീകരിക്കുകയും ജീവിത പ്രശ്നങ്ങളിൽ തുണയായിരിക്കുകയും ചെയ്യണമേ. ഞങ്ങളും ഒരിക്കൽ വിശുദ്ധനോടൊത്തു സ്വർഗ്ഗ



രാജ്യത്തിൽ അനവരതം അവിടുത്തെ വാഴ്ത്തി സ്തുതിക്കുവാൻ കൃപയരുളുകയും ചെയ്യണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.

ആമേൻ.

## സമാപന ഗാനം

വേദസാക്ഷിയാം സെബസ്ത്യാനോസെ
സാദരം നിന്നെ വാഴ്ത്തുന്നു
നിറകണ്ണുകളുമായി വന്നിവരണയും
നിന്നനുഗ്രഹം തേടി (2)

വേദ...

സത്യവിശ്വാസ സംരക്ഷക
രക്തധാര ചൊരിഞ്ഞവനെ (2)
സാക്ഷികളാവാൻ തുണയ്ക്ക - താതാ
സാക്ഷികളാവാൻ തുണയ്ക്ക (2)

വേദ...

സത്യസഭയ്ക്കു മാതൃകയേ
ശക്തനായ സൈന്യാധിപനേ (2)
സന്നിധിചേരാൻ തുണയ്ക്കൂ - നിൻ
സന്നിധി ചേരാൻ തുണയ്ക്കൂ (2)

വേദ...